# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1046

02.12.2015-ലെ മറുപടിക്ക്

## വിനോദസഞ്ചാര കേന്ദ്രങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.കെ.എൻ.എ.ഖാദർ<br>ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ.റ്റി.എ.അഹമ്മദ് കബീർ | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി) |
| (എ) വിനോദസഞ്ചാര കേന്ദ്രങ്ങൾ ശുചിയും, ആകർഷകവുമായി നിലനിർത്തി കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കാൻ എന്തൊക്കെ പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; | (എ) വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ശുചിത്വം ഉറപ്പുവരുത്തുന്നതിന് അതാത് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖാന്തിരം കുടുംബശ്രീയുമായി സഹകരിച്ച് "Clean Destination Campaign" എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ കോവളം, മൂന്നാർ, കുമ്പളങ്ങി പഞ്ചായത്ത്, വർക്കല മുനിസിപ്പാലിറ്റികളിൽ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വിവിധ N.G.O-കളുമായി സഹകരിച്ച് കൊണ്ടുള്ള മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ ഏറ്റെടുത്ത് നടത്തിവരുന്നു. കൂടാതെ ആലപ്പുഴ, കുമരകം എന്നിവിടങ്ങളിലെ കായലോര ജലാശയങ്ങളിലെ മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനായി Sewage Treatment Plant കൾ സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) ഇതിനായി പ്രത്യേക ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) ഉണ്ട്.<br>1. കുടുംബശ്രീയുമായി സഹകരിച്ച് 14 ജില്ലകളിലേയും ഡി.റ്റി.പി.സികൾ മുഖാന്തിരം സംസ്ഥാനതലത്തിൽ "Clean Destination Campaign" നടപ്പിലാക്കി വരുന്നു.<br>2. Tourist Destination ആയ കുമ്പളങ്ങിയിൽ ടൂറിസം വകുപ്പിന്റെ ധനസഹായത്തോടുകൂടി കുമ്പളങ്ങി ഗ്രാമപഞ്ചായത്താണ് ശുചിത്വ പരിപാടികൾക്ക് നേതൃത്വം നൽകുന്നത്. |

3. വർക്കലയിൽ Garbage Management Programme നടപ്പിലാക്കുന്നത് വർക്കല മുനിസിപ്പാലിറ്റിയാണ്.

4. കോവളം ടൂറിസം മേഖലയിൽ ശുചിത്വ പരിപാടികൾക്ക് Thiruvananthapuram Corporation മുഖാന്തിരം Eco-Preserve എന്ന N.G.O-യാണ് നേതൃത്വം നൽകുന്നത്.

| | | | |
|---|---|---|---|
| (സി) | വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള റോഡുകൾ അറ്റകുറ്റപ്പണികൾ തീർത്ത് യാത്രാസൗകര്യം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (സി) | ടൂറിസം വകുപ്പിൽ റോഡുകൾ നന്നാക്കാൻ പ്രത്യേക പദ്ധതി വിഹിതം ഇല്ല. ആയതിനാൽ പി.ഡബ്ല്യൂ.ഡി, എൽ.എസ്.ജി.ഡി മുതലായ വകുപ്പുകളുമായി സഹകരിച്ചും അത്യാവശ്യമുള്ള സ്ഥലങ്ങളിൽ ടൂറിസം ഫണ്ട് കൊടുത്തും വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ തീർത്തു വരുന്നു. |

Anuradha

**സെക്ഷൻ ഓഫീസർ**